സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 60 | ലക്കം: 168 | 2025 ഒക്‌ടോബർ 09 വ്യാഴം | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com


### ഡോക്ടർക്കെതിരായ അക്രമം; ഇന്ന് സംസ്ഥാന വ്യാപക പ്രതിഷേധം

കോഴിക്കോട്: താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടറെ വെട്ടി പരിക്കേൽപ്പിച്ച സംഭവത്തിൽ സംസ്ഥാന വ്യാപക പ്രതിഷേധം സംഘടിപ്പിച്ച് ഡോക്ടർമാരുടെ സംഘടനകൾ. കെജിഎംഒഎ ഇന്ന് പ്രതിഷേധ ദിനം ആചരിക്കുന്നു. കോഴിക്കോട് ജില്ലയിൽ ഡോക്ടർമാർ പണി മുടക്കി. മറ്റ് ജില്ലകളിൽ ഒപി സേവനങ്ങളെ ബാധിക്കാത്ത രീതിയിലാണ് പ്രതിഷേധം. ഐഎംഎയും ഇന്ന് വിവിധ ജില്ലകളിൽ പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിച്ചു.

### വീട് കുത്തിത്തുറന്ന് കവർച്ച

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂരിൽ വീട് കുത്തിത്തുറന്ന് കവർച്ച. അലമാരയിൽ സൂക്ഷിച്ചിരുന്ന മൂന്ന് പവൻ സ്വർണാഭരണം കവർന്നു. ആലിങ്ങപ്പൊക്കം ആനന്ദന്റെ വീട്ടിലാണ് മോഷണം നടന്നത്.

## നിയമസഭയിലെ പ്രതിഷേധം: വാച്ച് ആൻഡ് വാർഡിനെ മർദിച്ച

# മൂന്ന് പ്രതിപക്ഷ എംഎൽഎമാർക്ക് സസ്‌പെൻഷൻ



തിരു: ശബരിമലയിലെ സ്വർണപ്പാളി വിവാദത്തിൽ നിയമസഭയിലുണ്ടായ പ്രതിഷേധത്തിനിടെ ചീഫ് മാർഷലിനെ മർദിച്ച സംഭവത്തിൽ മൂന്ന് പ്രതിപക്ഷ എംഎൽഎമാർക്ക് സസ്‌പെൻഷൻ. അങ്കമാലി എംഎൽഎ റോജി എം ജോൺ, കോവളം എംഎൽഎ എം വിൻസെന്റ്, ചാലക്കുടി എംഎൽഎ സനീഷ്‌കുമാർ ജോസഫ് എന്നിവരെയാണ് സസ്‌പെൻഡുചെയ്തത്. ഇതുസംബന്ധിച്ച് പാർലമെന്ററികാര്യമന്ത്രി എം ബി രാജേഷ് അവതരിപ്പിച്ച പ്രമേയം സ്പീക്കർ അംഗീകരിക്കുകയായിരുന്നു.

പ്രതിപക്ഷ പ്രതിഷേധം അതിരുകടന്നെന്നും പരിക്കേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചീഫ് മാർഷലിന് ശസ്ത്രക്രിയ വേണമെന്നും മന്ത്രി രാജേഷ് നിയമസഭയിൽ പറഞ്ഞു. വാച്ച് ആൻഡ് വാർഡുമാർക്കെതിരെ തുടർച്ചയായി പ്രതിപക്ഷ എംഎൽഎമാരുടെ ഭാഗത്തുനിന്ന് ആക്രമണമുണ്ടാകുന്നു, സഭാ നടപടിക്ക് യോജിക്കാത്ത നിലയ്ക്കുള്ള പ്രവർത്തനങ്ങളും പ്രതികരണങ്ങളുമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് എന്നും പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു.

സ്വർണപ്പാളി വിവാദത്തിൽ തുർടച്ചയായി നാലാംദിവസമാണ് സഭ കലുഷിതമാകുന്നത്. ഇന്നും പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ നിറുത്തിവച്ചു. നാടകീയമായ രംഗങ്ങൾക്കാണ് സഭ ഇന്ന് സാക്ഷ്യംവഹിച്ചത്.ശബരിമല വിഷയത്തിൽ ദേവസ്വം മന്ത്രി രാജിവയ്ക്കുംവരെ പ്രതിഷേധം തുടരുമെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ പറഞ്ഞു. പ്രതിപക്ഷ അംഗങ്ങൾ ബഹളവുമായി നടുത്തളത്തിലിറങ്ങിയതോടെ വാച്ച് ആൻഡ് വാർഡും രംഗത്തെത്തി. പ്രതിപക്ഷം ഉയർത്തിയ ബാനർ സ്പീക്കറുടെ നിർദേശത്തെത്തുടർന്ന് പിടിച്ചുവാങ്ങാൻ ശ്രമിച്ചതോടെ പ്രതിപക്ഷ അംഗങ്ങളും വാച്ച് ആൻഡ് വാർഡും തമ്മിൽ ഉന്തും തള്ളുമുണ്ടായി. ഇതിനിടെ ഭരണപക്ഷ അംഗങ്ങൾ നടുത്തളത്തിലേക്ക് ഇറങ്ങാൻ ശ്രമിച്ചെങ്കിലും സ്പീക്കർ അത് തടസപ്പെടുത്തി.

### ദുൽഖറിനോട് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഹാജരാക്കാൻ നിർദേശം

ഭൂട്ടാൻ വാഹനക്കടത്തിൽ നടപടികൾ കടുപ്പിക്കാൻ എൻഫോഴ്‌സസ്‌മെന്റ് ഡയറക്ട്രേറ്റ്. ചോദ്യം ചെയ്യലിന് ഹാജരാകാനായി നടന്മാരായ ദുൽഖർ സൽമാൻ, അമിത് ചക്കാലക്കൽ എന്നിവർക്ക് നോട്ടീസ് നൽകും. കഴിഞ്ഞദിവസം നടത്തിയ റെയ്ഡിൽ പിടിച്ചെടുത്ത രേഖകൾ പരിശോധിച്ച ശേഷമാകും ചോദ്യം ചെയ്യലിലേക്ക് കടക്കുക. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരാക്കാൻ ഇരുവർക്കും നിർദേശം നൽകിയിട്ടുണ്ട്.

### മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

തൃശൂർ: തൃശ്ശൂരിൽ ചികിത്സ കിട്ടാതെ യുവാവ് മരിച്ച സംഭവം. മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. 15 ദിവസത്തിനകം റിപ്പോർട്ട് നൽകാൻ പോലീസിനും റെയിൽവേക്കും നിർദ്ദേശം.

## കണ്ണൂരിൽ സ്‌ഫോടനം; വീടുകളുടെ ജനൽ ചില്ലുകൾ തകർന്നു

കൂത്തുപറമ്പ്: കണ്ണൂർ മൗവഞ്ചേരി പീടികയിൽ നടുറോഡിൽ സ്‌ഫോടനം. പുലർച്ചെ 12.15ഓടെയായിരുന്നു സംഭവം. സമീപത്തെ രണ്ട് വീടുകളുടെ ജനൽ ചില്ലുകൾ തകർന്നു. പടക്കമാണോ ബോംബാണോ പൊട്ടിയതെന്ന് പൊലീസ് പരിശോധിക്കുകയാണ്. സ്‌ഫോടക വസ്തുക്കളും റോഡിലെ കല്ലുംതെറിച്ചാണ് വീടുകളുടെ ജനൽ ചില്ലുകൾ തകർന്നത്.

പ്രജിന, കാവ്യ എന്നിവരുടെ വീടുകൾക്കാണ് കേടുപാടുകൾ സംഭവിച്ചത്. അപകടത്തിൽ ആർക്കും പരിക്കേറ്റിട്ടില്ല. രാഷ്ട്രീയ വിരോധം നിലനിൽക്കുന്ന സ്ഥലത്ത് വീണ്ടും സംഘർഷത്തിന് ആക്കം കൂട്ടുകയെന്ന ഉദ്ദേശത്തോടെയാണ് സ്‌ഫോടക വസ്തു എറിഞ്ഞതെന്നാണ് എഫ്ഐആറിൽ പറയുന്നത്. സ്‌ഫോടനത്തെത്തുടർന്ന് പരസ്പരം പഴിചാരി സിപിഎമ്മും ബിജെപിയും രംഗത്തെത്തി. സംഭവത്തിൽ കതിരൂർ പൊലീസ് അന്വേഷണം നടത്തുകയാണ്

## ട്രംപിന്റെ ഗാസ സമാധാന പദ്ധതിയെ പ്രശംസിച്ച് മോദി:

### നെതന്യാഹുവിന്റേത് ശക്തമായ നേതൃത്വമെന്നും പരാമർശം



ന്യൂഡൽഹി: അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഗാസ സമാധാന പദ്ധതിയെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. 20 ഇന സമാധാന പദ്ധതിയുടെ ആദ്യഘട്ടം ഇസ്രയേലും ഹമാസും അംഗീകരിച്ചതായുള്ള ട്രംപിന്റെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്തുന്നതായി എക്സ് പോസ്റ്റിലൂടെ മോദി അറിയിച്ചു. ഇത് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ ശക്തമായ നേതൃത്വത്തിന്റെ പ്രതിഫലനമാണെന്നും മോദി വിശേഷിപ്പിച്ചു. ബന്ദികളുടെ മോചനവും മാനുഷിക സഹായവും ഗാസയിലെ ജനങ്ങൾക്ക് ആശ്വാസം പകരും ഇത് ശാശ്വത സമാധാനത്തിന് വഴിയൊരുക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

ഗാസയിൽ രണ്ട് വർഷമായി നീണ്ടു നിൽക്കുന്ന യുദ്ധം അവസാനിപ്പിക്കുന്നതിനുള്ള സമാധാന പദ്ധതിയുടെ ഭാഗമായി ബന്ദികളെ മോചിപ്പിക്കാൻ ഇസ്രയേലും ഹമാസും സമ്മതിച്ചതായി ട്രംപ് പ്രഖ്യാപനം നടത്തി മണിക്കൂറുകൾക്കകമാണ് പ്രധാനമന്ത്രിയുടെ എക്സ് സന്ദേശം വന്നത്.

കരാർ നടപ്പിലായിക്കഴിഞ്ഞാൽ 72 മണിക്കൂറിനുള്ളിൽ ഇരുവിഭാഗവും ബന്ദികളെ കൈമാറും. ഏകദേശം 2000 പാലസ്തീൻ തടവുകാരെ ഇസ്രയേൽ വിട്ടയക്കും. കൈവശമുള്ള മുഴുവൻ ഇസ്രയേൽ ബന്ദികളെയും ഹമാസും മോചിപ്പിക്കും. സമാധാന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഇസ്രയേൽ തങ്ങളുടെ സൈനികരെ ഒരു നിശ്ചിത പ്രദേശത്ത് നിന്നും പിൻവലിക്കുമെന്നും ട്രൂത്ത് സോഷ്യലിലൂടെ ട്രംപ് പ്രഖ്യാപിച്ചു.

'അറബ്-മുസ്ലീം ലോകത്തിനും ഇസ്രയേലിന് ചുറ്റുമുള്ള എല്ലാ രാജ്യങ്ങൾക്കും അമേരിക്കൻ ഐക്യ നാടുകൾക്കും ഇത് വളരെ പ്രധാനപ്പെട്ട ഒരു ദിവസമാണ്. ചരിത്രപരമായ ഒരു കാര്യം സാദ്ധ്യമാക്കാൻ ഞങ്ങളോടൊപ്പം പ്രവർത്തിച്ച ഖത്തർ, ഈജിപ്ത്, തുർക്കി എന്നിവിടങ്ങളിൽ നിന്നുള്ള മദ്ധ്യസ്ഥർക്ക് നന്ദി പറയുന്നു' ട്രംപ് കൂട്ടിച്ചേർത്തു.

ഹമാസ് ഇസ്രയേലിൽ ആക്രമണം നടത്തി രണ്ട് വർഷം തികഞ്ഞതിന് ഒരു ദിവസത്തിന് ശേഷമാണ് കരാറിലേക്കെത്തുന്നത്. ഈജിപ്തിൽ നടന്ന പരോക്ഷ ചർച്ചകൾക്ക് ശേഷമാണ് ഇത് സാദ്ധ്യമായത്. ട്രംപ് തന്റെ മരുമകൻ ജാരെഡ് കുഷ്നറെയും പ്രത്യേക ദൂതൻ സ്റ്റീവ് വിറ്റ്കോഫിനെയുമാണ് ചർച്ചയ്ക്ക് അയച്ചത്. ഇസ്രയേലിനെ പ്രതിനിധീകരിച്ച് നെതന്യാഹുവിന്റെ അടുത്ത വിശ്വസ്തനും ഇസ്രയേലിന്റെ നയതന്ത്ര കാര്യ മന്ത്രിയുമായ റോൺ ഡെർമറും പങ്കെടുത്തു.

### 'ശബരിമലയിൽ നിന്ന് ഒരുതരി പൊന്ന് പോയിട്ടുണ്ടെങ്കിൽ കണ്ടെത്തും'

## പ്രതിപക്ഷത്തിന്റെ രാജി ആവശ്യം തള്ളി മന്ത്രി വിഎൻ വാസവൻ



തിരു : ശബരിമല വിവാദവുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തിന്റെ രാജി ആവശ്യം തള്ളി ദേവസ്വം മന്ത്രി വി എൻ വാസവൻ. എന്തർത്ഥത്തിലാണ് രാജി ആവശ്യപ്പെടുന്നതെന്ന് മന്ത്രി നിയമസഭയിൽ ചോദിച്ചു. രാജ്യത്തെ ഏതെങ്കിലും ഒരു സ്?റ്റേഷനിൽ തനിക്കെതിരായ എഫ്‌ഐആർ ഉണ്ടോയെന്നും അദ്ദേഹം പരിഹസിച്ചു. ശബരിമല ക്ഷേത്രത്തിൽ നിന്ന് ഒരു തരി പൊന്നെങ്കിലും ആരെങ്കിലും അടിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ കണ്ടെത്തി തിരികെ എത്തിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

'കഴിഞ്ഞ മാസം പതിനേഴാം തീയതി ഒരു പ്രമുഖ ചാനലിൽ വ്യവസായിയായ ഉണ്ണികൃഷ്ണൻ പോറ്റി ചില വെളിപ്പെടുത്തലുകൾ നടത്തി. 2019ൽ ശബരിമലയിൽ നിന്നു കൊണ്ടുപോയ ദ്വാരപാലക ശില്പങ്ങളിൽ നാല് കിലോഗ്രാമിന്റെ കുറവുണ്ടായെന്ന് അദ്ദേഹം പറഞ്ഞു. 28-ാം തീയതി ഉണ്ണികൃഷ്ണന്റെ ബന്ധുവീട്ടിൽ നിന്ന് ഇത് കണ്ടെടുക്കുന്നു. സ്വർണം കൊണ്ടുപോയ ആൾ തന്നെ ആക്ഷേപം ഉന്നയിക്കുന്നു. ഇക്കാര്യത്തിൽ ഉന്നത തലത്തിൽ അന്വേഷണം വേണം. അല്ലെങ്കിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കണം. അല്ലാതെ ഞാൻ രാജിവയ്ക്കണമെന്ന് പറയുന്നത് എന്തിനാണ്?

ഇന്ത്യയിൽ എനിക്കെതിരെ ഏതെങ്കിലും എഫ്ഐആർ ഉണ്ടോ? ശബരിമലയിൽ നിന്ന് ആരെങ്കിലും ഒരു തരി പൊന്ന് അടിച്ചുമാറ്റിയിട്ടുണ്ടെങ്കിൽ അത് കണ്ടെത്തി തിരിച്ചെത്തിക്കാനും അത് ചെയ്തവനെതിരെ കർശന നടപടിയെടുക്കാനും കഴിവുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്'- മന്ത്രി പറഞ്ഞു.

ശബരിമലയിലെ സ്വർണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഇന്നും സഭയിൽ പ്രതിഷേധിച്ചിരുന്നു. സ്പീക്കർ എ എൻ ഷംസീറിന്റെ മുന്നിൽ ബാനയുയർത്തിയാണ് പ്രതിഷേധിച്ചത്. ഇതോടെ സഭ താൽക്കാലികമായി നിർത്തിവയ്ക്കുകയാണെന്ന് സ്പീക്കർ അറിയിക്കുകയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിപക്ഷാംഗത്തിനെതിരെ ബോഡി ഷെയ്മിംഗ് നടത്തിയെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു

## പിടിച്ചാൽ കിട്ടാത്ത നിലയിൽ കുതിപ്പ് തുടർന്ന് സ്വർണം; പവന് 91,000 കടന്നു



തിരു : സംസ്ഥാനത്ത് സ്വർണവില കുതിച്ചുയർന്ന് വീണ്ടും സർവകാല റെക്കാഡിലെത്തി. പവന് 91,040 രൂപയാണ് ഇന്നത്തെ വിപണി വില. ഒരു ഗ്രാം സ്വർണത്തിന് 11, 380 രൂപയും നൽകണം. 160 രൂപയാണ് ഇന്ന് പവന് കൂടിയത്.

ഇന്നലെ രണ്ട് തവണയാണ് വിലയിൽ മാറ്റം വന്നത്. ഒരു പവൻ സ്വർണത്തിന് 90,880 രൂപയായിരുന്നു ഇന്നലെ രാവിലത്തെ വില. ഉച്ചയ്ക്ക് ശേഷം ഗ്രാമിന് 70 രൂപ വർധിച്ച് 11,360 രൂപയും പവന് 560 രൂപ വർധിച്ച് 90,880 രൂപയുമായി. രാവിലെ ഗ്രാമിന് 105 രൂപയും പവന് 840 രൂപയും കൂടിയതിന് പുറമെയാണിത്. ഇതോടെ ഇന്നലെ പവന് വർദ്ധിച്ചത് 1,400 രൂപയാണ്. ഈ വർഷം ആദ്യം 50,000 രൂപയായിരുന്നു ഒരു പവന് വിലയെങ്കിൽ ഇന്നിപ്പോൾ അത് 90,000 എന്ന സർവകാല റെക്കാഡും മറികടന്ന് മുന്നേറുകയാണ്.

ഡോളറിന്റെ വിനിമയ നിരക്ക്, അന്താരാഷ്ട്ര രാഷ്ട്രീയ സാഹചര്യങ്ങൾ തുടങ്ങിയവയാണ് സ്വർണ വില ഇത്തരത്തിൽ വർദ്ധിക്കുന്നതിന് കാരണമായി പറയപ്പെടുന്നത്. ഒരു പവന് 91,040 രൂപയാണ് നിരക്കെങ്കിലും ആഭരണമായി വാങ്ങണമെങ്കിൽ ഇപ്പോൾ തന്നെ ഒരു ലക്ഷം രൂപയ്ക്ക് അടുത്ത് നൽകേണ്ടതായി വരും. ഫെഡ് നിരക്ക് കുറക്കുന്നതും വിപണിയിലെ ഡിമാൻഡും കണക്കിലെടുത്താൽ സ്വർണ വില ഇനിയും വർദ്ധിക്കാനാണ് സാദ്ധ്യത. ട്രോയ് ഔൺസിന് 5,000 ഡോളറിലേക്ക് അധികം വൈകാതെ എത്താനും സാദ്ധ്യതയുണ്ടെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

## കെഎസ്ആർടിസി ബസുകളിൽ ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര; പ്രഖ്യാപനവുമായി മന്ത്രി ഗണേശ് കുമാർ

തിരുവനന്തപുരം: ക്യാൻസർ ചികിത്സയ്ക്ക് പോകുന്ന രോഗികൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്രാസൗകര്യം പ്രഖ്യാപിച്ച് ഗതാഗത മന്ത്രി കെ ബി ഗണേശ് കുമാർ. നിയമസഭയിലായിരുന്നു പ്രഖ്യാപനം. സൂപ്പർഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ കെഎസ്ആർടിസി ബസുകളിലും റേഡിയേഷനും കീമോയ്ക്കുമായി പോകുന്ന ക്യാൻസർ രോഗികൾക്ക് സമ്പൂർണ സൗജന്യ യാത്ര അനുവദിക്കുമെന്നാണ് മന്ത്രി അറിയിച്ചത്.

ഇതിൽ കെഎസ്ആർടിസി ഡയറക്ടർ ബോർഡ് ഇന്നുതന്നെ തീരുമാനം എടുത്ത് നടപ്പിലാക്കുമെന്നാണ് വിവരം. സ്വകാര്യ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്നവർക്കും യാത്ര സൗജന്യമാണ്. പ്രഖ്യാപനത്തിനിടെ ബഹളം വച്ച പ്രതിപക്ഷത്തെയും ഗണേശ് കുമാർ രൂക്ഷമായി വിമർശിച്ചു.

'പ്രതിപക്ഷത്തിന് ഇത് വലിയ കാര്യമായിരിക്കില്ല. പ്രഖ്യാപനം നടത്തിയപ്പോൾ പ്രതിപക്ഷം പറയുന്നത് ഷെയിം ഷെയിം എന്നാണ്. പ്രതിപക്ഷത്തിന് ഇത് ഷെയിം ആയിരിക്കും. പക്ഷേ രോഗികൾക്ക് ഇത് വലിയ കാര്യമാണ്. 2012ൽ സിറ്റി ബസ്, ഓർഡിനറി ബസുകൾ 50 ശതമാനമെന്ന ഓർഡർ ഇറക്കിയതിനാൽ ഈ പ്രഖ്യാപനത്തിന്റെ ക്രെഡിറ്റ് ഏറ്റെടുക്കാൻ യുഡിഎഫ് വരരുത്. ഇത് സംസ്ഥാനത്തിന് ബാധകമായ പ്രഖ്യാപനമാണ്. ഓർഡിനറിക്ക് മാത്രമല്ല, സൂപ്പർഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ കെഎസ്ആർടിസി ബസുകൾക്കും ഇത് ബാധകമാണ്'- മന്ത്രി പറഞ്ഞു.

### 'എയിംസിന് ആലപ്പുഴയിൽ സ്ഥലം ഏറ്റെടുത്ത് രേഖാമൂലം അറിയിക്കണം'; ബാക്കി കാര്യം അപ്പോൾ നോക്കാമെന്ന് സുരേഷ് ഗോപി



തൃശൂർ: കേരളത്തിൽ എയിംസ് വരുന്നതിൽ വീണ്ടും പ്രതികരണവുമായി സുരേഷ് ഗോപി എംപി. ആലപ്പുഴയിൽ സ്ഥലം ഏറ്റെടുത്ത് സർക്കാർ രേഖാമൂലം അറിയിക്കുകയാണെങ്കിൽ അതിനുവേണ്ട നടപടികൾ ചെയ്യാമെന്നാണ് സുരേഷ് ഗോപി മാദ്ധ്യമങ്ങളോട് പറഞ്ഞത്. ആലപ്പുഴയിൽ സ്ഥലം നൽകാമെന്ന് മന്ത്രി സജി ചെറിയാൻ വാക്കാൽ അറിയിച്ചിട്ടുണ്ടല്ലോ എന്ന മാദ്ധ്യമങ്ങളുടെ ചോദ്യത്തിൽ പ്രതികരിക്കുകയായിരുന്നു സുരേഷ് ഗോപി.

'ഇക്കാര്യം 2016 മുതൽ പറയുന്നതാണ്. ആലപ്പുഴയിൽ സ്ഥലം നൽകാൻ തയ്യാറാണെന്ന് സർക്കാർ എഴുതിതന്നാൽ ബാക്കി കാര്യം അന്നേരം നോക്കാം. തൃശൂരും ഉൾപ്പെടുത്തണം. ഉചിതമായ സ്ഥലത്ത് ഉചിതമായ സമയത്ത് എയിംസ് വരുമെന്നാണ് ജെ പി നദ്ദ പറഞ്ഞത്. വാക്കാൽ പറഞ്ഞതുകൊണ്ട് കാര്യമില്ല. രേഖാമൂലം അറിയിച്ചാൽ തുടർനടപടികൾ ഉണ്ടാകും'- സുരേഷ് ഗോപി വ്യക്തമാക്കി.

എയിംസ് വിഷയത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് പൂർണ പിന്തുണ ലഭിച്ചിട്ടുണ്ടെന്ന് നേരത്തെ സുരേഷ് ഗോപി പറഞ്ഞിരുന്നു.

## ടിക്കറ്റില്ലാതെ എസി കോച്ചിൽ യാത്ര, ടിടിഇയോട് തർക്കിച്ച അദ്ധ്യാപികയിൽ നിന്ന് പിഴ ഈടാക്കി



പാറ്റ്ന: എസി കോച്ചിൽ ടിടിഇയുമായി തർക്കിക്കുന്ന അദ്ധ്യാപികയുടെ വീഡിയോ കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിൽ ചർച്ചയായിരുന്നു. യുവതിയുടെ കൈവശം എസി കോച്ചിൽ യാത്ര ചെയ്യാൻ ആവശ്യമായ ടിക്കറ്റ് ഇല്ലായിരുന്നു. ടിടിഇ ഇക്കാര്യം ചോദ്യം ചെയ്തതോടെയാണ് തർക്കമുണ്ടായത്. ഏത് ട്രെയിനിലാണ് സംഭവം നടന്നത്? ആരാണ് ആ യുവതി തുടങ്ങിയ കാര്യങ്ങൾ പുറത്തുവന്നിരിക്കുകയാണ് ഇപ്പോൾ.

റാഞ്ചി - ഗോരഖ്പൂർ എക്സ്പ്രസിലാണ് സംഭവം നടന്നത്. സിവാനിലെ സർക്കാർ സ്കൂൾ അദ്ധ്യാപികയായ ഖുശ്ബു മിശ്രയാണ് ടിടിഇയോട് തർക്കിച്ചത്. യുവതി ജോലി ചെയ്യുന്ന സ്ഥലത്തുനിന്ന് തന്റെ ജന്മനാടായ ദിയോറിയയിലേക്ക് പോകവേയാണ് സംഭവമുണ്ടായത്.

ടിടിഇയുമായുള്ള വാഗ്വാദത്തിന് ശേഷം യുവതി തന്റെ കുടുംബാംഗങ്ങളെ ദിയോറിയ സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തിയിരുന്നു. ശേഷം ടിടിഇയെ ആക്രമിച്ചതായി റിപ്പോർട്ടുകളുണ്ട്. ഇത്രയും ഗൗരവമായ സംഭവമായിരുന്നിട്ട് കൂടി 990 രൂപ പിഴയടപ്പിച്ച് യുവതിയെ വിട്ടയച്ചു.

റെയിൽവേ പ്രവർത്തനങ്ങൾ തടസപ്പെടുത്തുകയും ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ചെയ്തിട്ടും എന്തുകൊണ്ടാണ് യുവതിയെ മജിസ്‌ട്രേറ്റിന് മുന്നിൽ ഹാജരാക്കാത്തതെന്ന് ഇന്ത്യൻ റെയിൽവേ ടിക്കറ്റ് ചെക്കിംഗ് സ്റ്റാഫ് ഓർഗനൈസേഷൻ (ഐ ആർ ടി സി എസ് ഒ) ചോദ്യം ചെയ്തു. യുവതിക്കും ബന്ധുക്കൾക്കുമെതിരെ കർശന നടപടി സ്വീകരിക്കാത്ത അധികൃതരെ ഐ ആർ ടി സി എസ് ഒ രൂക്ഷമായി വിമർശിച്ചു. അദ്ധ്യാപികയെ സർവീസിൽ നിന്ന് സസ്‌പെൻഡ് ചെയ്യണമെന്നാണ് ടിടിയുമായി തർക്കിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നപ്പോൾ പലരും സോഷ്യൽ മീഡിയയിൽ കമന്റ് ചെയ്തത്.

### കാന്റീനിൽ മോഷണം

ചാലക്കുടി: ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ കാന്റീനിൽ മോഷണം. മേശയിൽ സൂക്ഷിച്ചിരുന്ന 5700 രൂപ നഷ്ടപ്പെട്ടു. ഓഫീസുകളിലെ അലമാരകൾ തുറന്ന് പരിശോധിച്ച നിലയിലാണ്.

### കെട്ടിടത്തിൽ തീപിടുത്തം

ഗുരുവായൂർ: കിഴക്കേ നടയിൽ നവീകരണം നടക്കുന്ന പോസ്റ്റ് ഓഫീസ് കെട്ടിടത്തിൽ തീപിടുത്തം. ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണം.


### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

Succession OP: 15/2025

Sridevi, W/o. Late Binu K.B., Aged 40 years, Vadakkumuri House, Kattoor, Village, Karanchira, Thrissur Taluk, Thrissur District, Pin-680702

\- ഹരജിക്കാരി

Snigdha E.K., D/o. Late V.N. Kuttan, age 36 years, Velupadath House, Green Avenue, Chettupuzha P.O., Pullazhi Village, Thrissur Taluk, Pin-680012

-എതൃകക്ഷി

മേൽ നമ്പർ കേസിലെ ഹരജിക്കാരിക്ക് ടിയാരിയുടെ ഭർത്താവ് ബിനു കെ ബി. മരിച്ചതുമൂലം കിട്ടുന്ന ജോലിക്കുവേണ്ടിയും ഭർത്താവിന്റെ പേരിലുള്ള ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ വരുന്ന transanction നടത്തുന്നതിനു വേണ്ടിയും ഹരജിക്കാരിയുടെ പേരിൽ ബഹുമാനപ്പെട്ട കോടതിയിൽ നിന്നും Succession Certificate അനുവദിച്ചു കിട്ടുന്നതിനു വേണ്ടി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹരജി **25-10-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതും. ടി ഹരജി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ടി ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 18-09-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**സി. ശിവനാരായണൻ** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 2233/2016, IA: 1/2023

ലിസ്സി -ഹർജിക്കാരി
ജോവിൽ കുറീസ് മുതൽപേർ - എതൃകക്ഷികൾ
ചാലക്കുടി താലൂക്ക് മേലൂർ വില്ലേജ് അടിച്ചിലി ദേശത്ത്, മണവാളൻ Late ജോണി ഭാര്യ 49 വയസ് ലിസ്സി
\- ഹർജിക്കാരി
3) ചാലക്കുടി താലൂക്ക് മേലൂർ വില്ലേജ് അടിച്ചിലി ദേശത്ത്, പാലാട്ടി Late മാത്യു ഭാര്യ ഉദ്ദേശം 59 വയസ് ഷൈനി മാത്യു
4) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത്, ടിയിൽ Late മാത്യു മകൻ ഉദ്ദേശം 35 വയസ് ഡിൻസിൽ
5) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത്, ടിയിൽ Late മാത്യു മകൻ ഉദ്ദേശം 33 വയസ് ഡിക്സൺ
6) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത്, ടിയിൽ Late മാത്യു മകൾ ഉദ്ദേശം 29 വയസ് ഡിയ
\- കൂടുതൽ പ്രതികൾ/എതൃകക്ഷികൾ

മേൽ നമ്പർ കേസ്സിൽ എതൃകക്ഷികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് **23-10-2025** തിയ്യതിക്ക് വച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി തർക്കമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസിൽ തീർപ്പ് കൽപ്പിക്കുന്നതാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-9-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**ജയതി ആർ** (ഒപ്പ്)



### കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 1523/2024**

തൈക്കാട് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൈക്കാട്
-ഹരജിക്കാരൻ

ചാവക്കാട് താലൂക്ക്, ഗുരുവായൂർ വില്ലേജ്, ദേശത്ത്, ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ നാരങ്ങാവളപ്പിൽ ശശിധരൻ നായർ മകൻ 49 വയസ്, നന്ദകുമാർ എൻ
\- എതൃകക്ഷി

മേൽ നമ്പർ കേസ് **31-10-2025** തിയ്യതിക്ക് വിചാരണ വെച്ചിരിക്കുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് താങ്കളോ, താങ്കളുടെ അഭിഭാഷകനോ ബഹു. ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു

എന്ന്, 9-10-2025
ഹരജിഭാഗം അഡ്വക്കേറ്റ്സ്
**പോൾ പി & വി.എസ് ശിവശങ്കരൻ**
(ഒപ്പ്)



### കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ**

**Dispute No. 1525/2024**

തൈക്കാട് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൈക്കാട്
-ഹരജിക്കാരൻ

ചാവക്കാട് താലൂക്ക്, എളവള്ളി പഞ്ചായത്ത്, കടവല്ലൂർ ദേശം, നാലകത്ത്, തിരുത്തിക്കാട്ട്, അബ്ദു ഭാര്യ 65 വയസ് ലൈല എളവള്ളി, പിൻ-680511
\- എതൃകക്ഷി

മേൽ നമ്പർ കേസ് **31-10-2025** തിയ്യതിക്ക് വിചാരണ വെച്ചിരിക്കുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കുവാനുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് താങ്കളോ, താങ്കളുടെ അഭിഭാഷകനോ ബഹു. ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ താങ്കളെ അറിയിച്ചുകൊള്ളുന്നു

എന്ന്, 9-10-2025
ഹരജിഭാഗം അഡ്വക്കേറ്റ്സ്
**പോൾ പി & വി.എസ് ശിവശങ്കരൻ**
(ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ഇരിഞ്ഞാലക്കുട കൃഷിഭവൻ അറിയിപ്പ്

ഇരിഞ്ഞാലക്കുട: നഗരസഭ ജനകീയാസൂത്രണം 2025-26 തെങ്ങിനും ജാതിക്കും ജൈവവളത്തിനും പൊട്ടാഷിനും സബ്സിഡി പദ്ധതിയിലേക്ക് ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷിക്കുന്നവർ ചുരുങ്ങിയത് 5 തെങ്ങോ, 5 ജാതിമരമോ ഉള്ളവർ ആയിരിക്കണം.

സമർപ്പിക്കേണ്ട രേഖകൾ

- പൂരിപ്പിച്ച അപേക്ഷ (മാതൃക താഴെ നൽകിയിരിക്കുന്നു)

- 2025-26 വർഷത്തെ ഭൂനികുതി രസീതി-പകർപ്പ് - അംഗീകൃത സ്ഥാപനത്തിൽ നിന്നും ജൈവവളം, പൊട്ടാഷ് വാങ്ങി ഒറിജിനൽ ജി.എസ്.ടി. ബിൽ - ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് - ആധാർ കാർഡിന്റെ പകർപ്പ്. അപേക്ഷ നൽകേണ്ട അവസാന തീയതി 2025 ഒക്ടോബർ 10.

## ചാമ്പ്യൻസ് ബോട്ട് ലീഗ് ഒക്ടോബർ 25 ന്

തൃശൂർ: ടൂറിസം വകുപ്പിന്റെ കീഴിലുള്ള ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളിക്ക് ഒക്ടോബർ 25 ന് കോട്ടപ്പുറം കായൽ വേദിയാകും. ചാമ്പ്യൻസ് ബോട്ട് ലീഗ് 2025 വള്ളംകളിയുടെ വിജയകരമായി നടത്തിപ്പിന് രാഷ്ട്രീയ ഭേദമന്യേ എല്ലാവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാവണമെന്ന് അഡ്വ. വി ആർ സുനിൽകുമാർ എംഎൽഎ പറഞ്ഞു.

നെഹ്റു ട്രോഫി ജേതാക്കളായ ഒമ്പത് ചുണ്ടൻ വള്ളങ്ങളാണ് ഇത്തവണ മത്സരിക്കുന്നത്. കൈനകരി വില്ലേജ് ബോട്ട് ക്ലബിന്റെ വീയ്യപുരം, പുന്നമട ബോട്ട് ക്ലബിന്റെ നടുഭാഗം, പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ മേൽപാടം, നിരണം ബോട്ട് ക്ലബിന്റെ നിരണം, കുമരകം ടൗൺ ബോട്ട് ക്ലബിന്റെ പായിപ്പാടൻ, ഇമാനുവൽ ബോട്ട് ക്ലബിന്റെ നടുവിലേപറമ്പൻ, കാരിച്ചാൽ ചുണ്ടൻ ബോട്ട് ക്ലബിന്റെ കാരിച്ചാൽ, മങ്കൊമ്പ് തെക്കേക്കര ബോട്ട് ക്ലബിന്റെ ചെറുതന, ചങ്ങനാശ്ശേരി ബോട്ട് ക്ലബിന്റെ ചമ്പക്കുളം എന്നീ ചുണ്ടൻ വള്ളങ്ങളാണ് കോട്ടപ്പുറം ജലോത്സവത്തിൽ തുഴയെറിയാനെത്തുക.

വള്ളംകളിയുടെ വിജയകരമായ നടത്തിപ്പിനായി അഡ്വ വി ആർ സുനിൽ കുമാർ എം എൽ എ ചെയർമാനായും ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ കൺവീനറായും വിപുലമായ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്.

## അറിയിപ്പ്

കൊടുങ്ങല്ലൂർ: താലൂക്കിലെ ലോകമല്ലേശ്വരം വില്ലേജിൽ ഉൾപ്പെട്ട ശ്രീകുരുംബ ദേവസ്വം വക ഭൂമികളിൽ, വിവിധ സർവേ നമ്പറുകളിൽപ്പെട്ട ഭൂമികളുടെ കൈവശക്കാരോട് ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ തഹസിൽദാർ വിഭാഗം നോട്ടീസ് നൽകിയിരുന്നു.

എന്നാൽ വിചാരണയ്ക്കായി ഹാജരാകാത്തവർക്ക് ഒരു അവസരം കൂടി നൽകുന്നതിന്റെ ഭാഗമായി, രേഖകൾ സഹിതം ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച തിയതി മുതൽ 30 ദിവസത്തിനുള്ളിൽ കൊച്ചിൻ ദേവസ്വം ബോർഡ് സ്പെഷ്യൽ തഹസിൽദാർ (ഭൂസംരക്ഷണം) മുമ്പാകെ ഹാജരാകേണ്ടതാണെന്ന് സ്പെഷ്യൽ തഹസിൽദാർ (ഭൂസംരക്ഷണം), കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചു. ഫോൺ : 2331124,2327028

## പോസ്റ്റ് ഓഫീസ് നിക്ഷേപകരുടെ ശ്രദ്ധയ്ക്ക്

തൃശൂർ: പോസ്റ്റ് ഓഫീസ് ആർ.ഡി ലഘു സമ്പാദ്യ പദ്ധതിയിൽ അംഗീകൃത ഏജന്റുമാർ മുഖേനയോ നിക്ഷേപകർ നേരിട്ടോ നിക്ഷേപം നടത്തണമെന്ന് ദേശീയ സമ്പാദ്യ പദ്ധതി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഏജന്റിന്റെ കൈവശം തുക ഏൽപ്പിക്കുമ്പോൾ തുക നൽകിയ ഉടനെ ഇൻവെസ്റ്റേഴ്സ് കാർഡിൽ ഏജന്റിന്റെ കയ്യൊപ്പ് വാങ്ങണം. എന്നാൽ നിക്ഷേപം നൽകിയ തുക പോസ്റ്റോഫീസിൽ അടച്ചതിനുള്ള ആധികാരികമായ രേഖ പോസ്റ്റ് മാസ്റ്റർ ഒപ്പിട്ട് സീൽ വെച്ച് നൽകുന്ന പാസ്ബുക്ക് മാത്രമാണ്. അതിനാൽ എല്ലാ മാസവും തുക നൽകുന്നതിന് മുമ്പ് പാസ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് നിക്ഷേപകർ പരിശോധിച്ച് ഉറപ്പാക്കണം.

## സി ഡി ശ്രീൻസിയെ അനുമോദിച്ചു

അവണൂർ :പുരോഗമന കലാ സാഹിത്യ സംഘം അവണൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പി എസ് സി മുഖേന സർക്കാർ ജോലിയിൽ പ്രവേശിച്ച സി ഡി ശ്രീൻസിയെ അനുമോദിച്ചു. പി കെ ഹരിദാസൻ, വി വി സിജു എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന സ്മൃതി സദസ്സ് മേഖലാ സെക്രട്ടറി മണികണ്ഠൻ കല്ലാറ്റ് ഉദ്ഘാടനം ചെയ്തു. പി. നന്ദൻ അധ്യക്ഷനായിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് തങ്കമണി ശങ്കുണ്ണി മുഖ്യപ്രഭാഷണം നിർവഹിച്ചു. വിഎസ് അച്യുതാനന്ദൻ, പി സി ശങ്കരൻ, സി എ ശിവകുമാർ, വിഎസ് മൂൺ എന്നിവരെ അനുസ്മരിച്ച് മിനി ഹരിദാസൻ, തോംസൺ തലക്കോടൻ, എം എം ബാബു, ഇ പി കുട്ടപ്പൻ, എൻ ബിനോദ്, പിജി ഉണ്ണികൃഷ്ണൻ, രഞ്ജിനി സന്തോഷ്, പി കെ കൃഷ്ണൻ, പി എസ് വിശാൽ, എം കെ പ്രകാശ്, കെ ആർ ഹരിദാസൻ , എം ജി തുളസിദാസൻ, ഫ്രാൻസിസ്, പി ആർ പങ്കജാക്ഷൻ എന്നിവർ സംസാരിച്ചു. ജയൻ അവണൂർ സ്വാഗതവും പി കെ ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.

# ഐ ഐ ടി ഐ ബാങ്കിലെ പ്രതിസന്ധി കോൺഗ്രസ് പാർട്ടിക്ക് ഭീഷണിയുണ്ടാക്കില്ല : എം പി ജാക്സൻ

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക് ഭരണസമിതിയെ ഒരു വർഷത്തേക്ക് അസാധുവാക്കിയ റിസർവ് ബാങ്ക് നടപടിക്ക് പിന്നിൽ രാഷ്ട്രീയ ലക്ഷ്യമാകാമെന്ന് ബാങ്ക് ഭരണസമിതി ചെയർമാനായിരുന്ന എം പി ജാക്സൻ.

നടപടിക്ക് പുറകിൽ ബിജെപി യുടെ അജണ്ട ഉണ്ടാകാൻ സാധ്യതയുണ്ട്. ബാങ്കിൽ ആർബിഐ നടപടി വന്ന ഘട്ടത്തിൽ ബിജെപി യുടെ ദേശീയ നേതാക്കൾ തന്നെ ബന്ധപ്പെട്ടിരുന്നുവെന്നും താൻ താൽപ്പര്യം പ്രകടിപ്പിച്ചില്ലെന്നും ദീർഘകാലം ബാങ്കിനെ നയിച്ച മുൻ കെപിസിസി സെക്രട്ടറി കൂടിയായ എം പി ജാക്സൻ വെളിപ്പെടുത്തി. നിക്ഷേപ ഇൻഷുറൻസ് സ്കീം പ്രകാരം അഞ്ച് ലക്ഷം രൂപ വരെ നൽകാനുള്ള നടപടികൾ പുരോഗമിച്ച് വരികയായിരുന്നു. അത്രയും നിക്ഷേപം കൊടുത്ത് കഴിഞ്ഞാൽ ബാങ്ക് കംഫർട്ട് സോണിൽ ആകും. അപേക്ഷ നൽകിയ 15000 ൽ അധികം പേർക്ക് അഞ്ച് ലക്ഷം വച്ച് വിതരണം ചെയ്യുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരികയായിരുന്നു. നവംബർ ഒന്ന് മുതൽ സുഗമമായി പ്രവർത്തിക്കാനുള്ള ഒരുക്കത്തിലായിരുന്നു.

365 കോടി രൂപയുടെ നിഷ്ക്രിയ ആസ്തികൾ വിറ്റഴിക്കാനുള്ള നടപടികൾ സ്വീകരിക്കരുതെന്നാണ് ആർബിഐ ആദ്യ ഘട്ടത്തിൽ പറഞ്ഞത്. വിറ്റഴിക്കാൻ തടസമില്ലെന്ന ഉത്തരവ് സെപ്റ്റംബറിലാണ് ഇറക്കിയത്. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പച്ചക്കറി പോലെ ഇത്രയും കോടി രൂപയുടെ ആസ്തികൾ വിറ്റഴിക്കാൻ സാധിക്കില്ല. ആർബിഐ യുടെ ഏകപക്ഷീയ നടപടികളെ നിയമപരമായി ചോദ്യം ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ബാങ്കിൽ ഉച്ചയ്ക്ക് 12.30 ന് എത്തി രണ്ട് മണി വരെ പ്രവർത്തിക്കുന്ന പാർട്ട് ടൈം ചെയർമാൻ മാത്രമായിരുന്നു. മുഴുവൻ പ്രവർത്തന സ്വാതന്ത്ര്യവും ബാങ്കിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നൽകിയിട്ടുണ്ട്. ബാങ്കിന് ഇപ്പോൾ നേരിട്ടുള്ള തിരിച്ചടിക്ക് ഉദ്യോഗസ്ഥരുടെ ചെറിയ വീഴ്ചകളും കാരണമായിട്ടുണ്ടാകാം. ലോൺ വാല്യുവേഷൻ അടക്കമുള്ള കാര്യങ്ങൾ വിരമിച്ച ഉദ്യോഗസ്ഥരുടെ ടീമാണ് തീരുമാനിക്കുന്നത്. ഭരണസമിതിക്ക് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ല.

സുതാര്യമായും നീതിപൂർവമായിട്ടുമാണ് ചെയർമാൻ എന്ന നിലയിൽ 35 കൊല്ലം പ്രവർത്തിച്ചത്. ഒരു അഭിപ്രായ വ്യത്യാസവും ഉണ്ടായിട്ടില്ല. സാമ്പത്തിക ക്രമക്കേട് നടത്തി എന്ന് ആരും പറഞ്ഞിട്ടില്ല. ഒരു പരാതിയും പാർട്ടി വേദികളിലും ലഭിച്ചിട്ടില്ല. ബാങ്കിന്റെ ഇപ്പോഴത്തെ പ്രതിസന്ധി കൊണ്ട് പാർട്ടിക്ക് ഒരു ക്ഷീണവും ഉണ്ടായിട്ടില്ല. എരിയ കമ്മിറ്റിയിലും ലോക്കൽ കമ്മിറ്റിയിലും ബാങ്ക് പ്രവർത്തനം സംബന്ധിച്ച് സിപിഎം തീരുമാനം എടുക്കുന്നത് പോലെ ഐടിയു ബാങ്കിന്റെ ഒരു കാര്യവും പാർട്ടി വേദികളിൽ തീരുമാനിച്ചിട്ടില്ല. ഒരു നിമിത്തം പോലെ വന്ന് ചേർന്നതാണ് ബാങ്ക് ചെയർമാൻ പദവിയും നഗരസഭ ചെയർമാൻ പദവി അടക്കമുള്ളവയെന്നും കച്ചവടത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നുവെങ്കിൽ കൂടുതൽ ഭൗതിക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമായിരുന്നുവെന്നും എം പി ജാക്സൻ പറഞ്ഞു. ബ്ലോക്ക് പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, മണ്ഡലം പ്രസിഡന്റ് അബ്ദുൽ ഹഖ്, ബാങ്ക് ഭരണസമിതി വൈസ് ചെയർമാൻ പ്രൊ ഇ ജെ വിൻസെന്റ് എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

## ഉപജില്ല സ്കൂൾ ശാസ്ത്രോത്സവം തുടങ്ങി



ഇരിങ്ങാലക്കുട: വിദ്യാഭ്യാസ ഉപജില്ല സ്കൂൾ ശാസ്ത്രോത്സവം കല്പറമ്പ് ബി.വി.എം. എച്ച്. എസ്. സ്കൂളിൽ വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സുധ ദിലീപ് ഉദ്ഘാടനം ചെയ്തു. പൂമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.എസ്. തമ്പി അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ കുറ്റിപ്പറമ്പിൽ, വിദ്യഭ്യാസ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർപേഴ്സൺ കത്രീന ജോർജ്, വാർഡ് മെമ്പർ ജൂലി ജോയ്, ജനറൽ കൺവീനർ ബിജു ആന്റണി, ടി.കെ. ലത, സിന്ധു മേനോൻ, എം.എ. രാധാകൃഷ്ണൻ, വിക്ടർ കല്ലറക്കൽ എന്നിവർ പ്രസംഗിച്ചു. എ. ഇ. ഒ. രാജീവ് എം.എസ്. സ്വാഗതവും വികസന സമിതി കൺവീനർ ഡോ. എ.വി. രാജേഷ് നന്ദിയും പറഞ്ഞു.

ബി.വി.എം.എച്ച്.എസ്. എസ്, ജി.യു.പി.എസ്. വടക്കുംകര, എച്ച്.സി. സി. എൽ.പി. എസ്. എന്നിവടങ്ങളിലാണ് ശാസ്ത്രോത്സവം നടക്കുന്നത്. മൂന്ന് ദിവസം നടക്കുന്ന മേള വെള്ളിയാഴ്ച വൈകീട്ട് സമാപിക്കും.

## റവന്യൂ ഓഫീസുകളുടെ വികസന പ്രവൃത്തികൾക്ക് രണ്ടര കോടി രൂപ അനുവദിച്ചു: മന്ത്രി കെ. രാജൻ

തൃശൂർ: ജില്ലയിലെ വിവിധ റവന്യൂ ഓഫീസുകളിലെ വികസന പ്രവൃത്തികൾക്കായി രണ്ടര കോടി രൂപ അനുവദിച്ചതായി റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ അറിയിച്ചു. 2025-26 സാമ്പത്തിക വർഷത്തെ റവന്യൂ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ് സ്മാർട്ട് വില്ലേജ് നിർമ്മാണത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി തുക അനുവദിച്ചത്. തൃശൂരിലെ താലൂക്ക് ഓഫീസ് പൈതൃക മന്ദിരമായി നവീകരിക്കുന്നതിന് ഒരു കോടി 30 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. തൃശൂർ നഗരത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഇടമാണ് തൃശൂർ താലൂക്ക് ഓഫീസ്. ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിനും വളരെയധികം പാരമ്പര്യം ഉണ്ട്. അതുകൊണ്ട് തന്നെ താലൂക്ക് ഓഫീസിനെ ഒരു പൈതൃക മന്ദിരമായി നിലനിർത്തേണ്ടത് സാംസ്കാരിക തലസ്ഥാനത്തിന്റെ അനിവാര്യതയാണ്. കൂടാതെ ജില്ലയിലെ 18 വില്ലേജുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 58 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആലപ്പാട്, മാടായിക്കോണം, കിള്ളന്നൂർ വില്ലേജുകളെ സ്മാർട്ട് വില്ലേജുകളായി ഉയർത്തുന്നതിനായി ഒരു കോടി 50ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

തൃശൂർ സബ് കളക്ടറുടെ ഓഫീസിൽ കോർട്ട് ഹാൾ നവീകരണത്തിനും, കളക്ട്രേറ്റിലെ മെയിൻ ഹാൾ നവീകരണത്തിനുമായി 60 ലക്ഷത്തി 60,000 രൂപയും അനുവദിച്ചതായി റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ അറിയിച്ചു.

## പാതിവിലത്തട്ടിപ്പ് അന്വേഷണം അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെ ആം ആദ്മി പാർട്ടിയുടെ നിയമസഭാ മാർച്ച്



തിരു :കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പുകളിൽ ഒന്നായ പാതിവില തട്ടിപ്പ് കേസ് അന്വേഷണം അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെ ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിൽ നിയമസഭയിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. പ്രതിഷേധ മാർച്ച് ആം ആദ്മി പാർട്ടി സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് വിനോദ് മാത്യു വിൽസൺ ഉദ്ഘാടനം ചെയ്തു.

നമ്മുടെ നാട്ടിലെ ഒന്നര ലക്ഷത്തിൽ അധികം വനിതകളുടെ പണം നഷ്ടപ്പെട്ട ഈ തട്ടിപ്പു വിഷയത്തിൽ അന്വേഷണം നടത്തിയിരുന്ന പ്രത്യേക അന്വേഷണ സംഘത്തെ പിരിച്ചുവിട്ട സർക്കാർ നടപടി കേരളത്തിലെ സ്ത്രീ സമൂഹത്തോടും, പൊതുസമൂഹത്തോടുമുള്ള തികഞ്ഞ അവഗണനയാണ്. പാതി വില തട്ടിപ്പ് കേസിലെ മുഖ്യപ്രതികളായ അനന്തു കൃഷ്ണന്റെയും,ആനന്ദകുമാറിന്റെയും വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് വന്ന പണം എങ്ങോട്ട് പോയി എന്ന് അന്വേഷിക്കുന്നതിനോ കണ്ടുപിടിക്കുന്നതിനോ അന്വേഷണ സംഘം ഇതുവരെ തയ്യാറായിട്ടില്ല. മുഖ്യധാര രാഷ്ട്രീയ നേതാക്കളെയും, ഉന്നത ഉദ്യോഗസ്ഥരെയും മുന്നിൽ നിർത്തി അനന്തു കൃഷ്ണനും, ആനന്ദകുമാറും പാവപ്പെട്ട സ്ത്രീകളിൽ നിന്നും തട്ടിയെടുത്ത പണം കൈക്കൂലി ആയോ, സംഭാവനയായോ കൈപ്പറ്റിയിട്ടുള്ള മുഴുവൻ ആളുകളിൽ നിന്നും തിരിച്ചുപിടിച്ച് പണം നഷ്ടപ്പെട്ടവർക്ക് തിരിച്ച് നൽകണമെന്നാണ് ആം ആദ്മി പാർട്ടി ആവശ്യപ്പെട്ടത്.

പത്രസമ്മേളനത്തിൽ ആം ആദ്മി പാർട്ടി സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് വിനോദ് മാത്യു വിൽസൺ,ആക്ഷൻ കൗൺസിൽ രക്ഷാധികാരി യും എഎപി ഇടുക്കി ജില്ലാ പ്രസിഡന്റുമായ അഡ്വക്കേറ്റ് ബേസിൽ ജോൺ, എഎപി തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് വിനു കെ എന്നിവർ പങ്കെടുത്തു.

## ശബരിമലയിൽ സ്വർണ്ണപ്പാളി നഷ്ടപ്പെട്ടത് സിബിഐ അന്വേഷിക്കണമെന്ന് പ്രധാനമന്ത്രിക്ക് പരാതി അയച്ച് ഹൈക്കോടതി അഭിഭാഷകൻ

ഇരിങ്ങാലക്കുട: ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പങ്ങളുടെ സ്വർണ്ണപ്പാളി നഷ്ടപ്പെട്ട സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് സിബിഐ അന്വേഷണം ആവിശ്യപ്പെട്ട് ഹൈക്കോടതി അഭിഭാഷകനും പൊതു പ്രവർത്തകനുമായ അഡ്വ. കുളത്തൂർ ജയ്സിങ് പ്രധാനമന്ത്രിക്ക് പരാതി അയച്ചു. നിലവിൽ വിഷയത്തിൽ അന്വേഷണം നടത്തുന്ന സംഘത്തിന് മേൽ സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും പല തരത്തിലുള്ള സ്വാധീനങ്ങൾ ആക്ഷേപം ഉയരുന്നു.

ഇന്ത്യാ മഹാരാജ്യത്തിലെ അയ്യപ്പ ഭക്തന്മാരും പൊതു സമൂഹവും സ്വർണ്ണപ്പാളി നഷ്ടപ്പെട്ട സംഭവത്തിൽ നീതിപൂർണ്ണമായ അന്വേഷണമാണ് ആഗ്രഹിക്കുന്നത്. അതിനാൽ വിഷയത്തിൽ സിബിഐ അന്വേഷണം നടത്തുന്നതിന് പ്രധാനമന്ത്രി തുടർ നടപടി സ്വീകരിക്കണമെന്നാണ് അഡ്വ. കുളത്തൂർ ജയ്സിങിന്റെ പരാതിയിൽ ആവശ്യപ്പെടുന്നത്.

## സെന്റ് ജോസഫ്സ് (ഓട്ടോണമസ്) കോളേജിൽ ബയോകോൺ വിസ്റ്റ 2025 ദ്വിദിന അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജിലെ ബയോളജി വിഭാഗം ബയോകോൺ വിസ്റ്റ 2025 എന്ന പേരിൽ സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര സെമിനാർ ആരംഭിച്ചു. പോളണ്ടിലെ ഗ്ഡാൻസ്58ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ നിന്നുള്ള പ്രൊഫ. ജോസഫ് ഹപോനിയുക് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജീവശാസ്ത്രത്തിലെ നൂതന വിഷയങ്ങൾ ചർച്ച ചെയ്യാനും പ്രമുഖ ശാസ്ത്രജ്ഞരോടു സംവദിക്കാനും ലക്ഷ്യമിടുന്ന പരിപാടിയിൽ ബയോമെഡിക്കൽ ഗവേഷണവും നവീനചികിത്സാ രീതികളും പ്രധാന പ്രമേയമായി.



പരിപാടിയുടെ പ്രധാന ആകർഷണമായത് പ്രൊഫ. ജോസഫ് ഹപോനിയുക് അവതരിപ്പിച്ച "self healing biopolymers" എന്ന പ്രഭാഷണമായിരുന്നു.

ഡിപ്പാർട്ട്മെന്റ് മേധാവി ആൻ ആന്റണി സ്വാഗതം ആശംസിച്ച പരിപാടിയിൽ പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി അധ്യക്ഷത വഹിച്ചു.

സെൽഫ് ഫിനാൻസിങ് കോർഡിനേറ്റർ ഡോ. സിസ്റ്റർ റോസ് ബാസ്റ്റിനും ഐ ക്യു എ സി കോർഡിനേറ്റർ ഡോ. ബിനു ടി. വി യും ആശംസകൾ അർപ്പിച്ചു. ഇന്റഗ്രേറ്റഡ് ബയോളജി ഡിപ്പാർട്ട്മെന്റിലെ അധ്യാപകരായ സുജിത എം, ഡോ.വിൽസി, ഡോ. റ്റാൻസിയ റോസലിൻ, ഡോ. അഞ്ചു വി. ടി, അഞ്ജിത ശശിധരൻ, ഡീൻ ഓഫ് സയൻസ് ഡോ. നൈജിൽ ജോർജ് എന്നിവർ നേതൃത്വം വഹിച്ചു.

## ‘കാൻവോക്ക്’ വാക്കത്തൺ ഇന്ന്

തൃശൂർ: ഗൈനക്കോളജി വിദഗ്ധരുടെ നേതൃത്വത്തിൽ സ്തനാർബുദത്തിനെതിരെ നഗരത്തിൽ ഇന്ന് വൈകിട്ട് 3ന് വാക്കത്തൺ സംഘടിപ്പിക്കും. ഗൈനക് ഡോക്ടർമാരുടെ സംഘടനയായ തൃശൂർ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റിയും കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിയും ചേർന്നാണ് ‘കാൻവോക്ക്’ വാക്കത്തൺ സംഘടിപ്പിക്കുന്നത്.

ഗൈനക്കോളജി വിദഗ്ധരും ജില്ലയിലെ നഴ്സിങ് കോളജ് വിദ്യാർഥികളുമടക്കം 1000 പേർ മൂന്നു കിലോ മീറ്റർ വാക്കത്തണിൽ പങ്കെടുക്കും. തൃശൂർ റീജനൽ തിയറ്ററിനു മുൻവശത്തു നിന്ന് ആരംഭിക്കുന്ന വാക്കത്തണിന്റെ ഫ്ളാഗ് ഓഫ് കർമം ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ടിപി ശ്രീദേവി നിർവഹിക്കും.

ഇന്ന് വൈകിട്ട് 4ന് റീജനൽ തിയറ്ററിൽ നടക്കുന്ന സമാപന പൊതുസമ്മേളനം തൃശൂർ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റി പ്രസിഡന്റ് ഡോ. ബിന്ദു മേനോൻ ഉദ്ഘാടനം ചെയ്യും. അവതാരക ലക്ഷ്മി നക്ഷത്ര, ഗായിക ഇന്ദുലേഖ വാര്യർ എന്നിവർ മുഖ്യാതിഥികളായിരിക്കും. സ്തനാർബുദത്തിന്റെ അപകടസാധ്യതകളും സങ്കീർണതകളും സ്ത്രീകളെ മനസ്സിലാക്കി കൊടുക്കുന്നതിനായി വിദ്യാർഥികൾ സ്കിറ്റുകളും ഫ്ലാഷ് മോബും അവതരിപ്പിക്കും. വിജയികൾക്ക് ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകും. തൃശൂർ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റി ഉപദേശകൻ ഡോ. വി പി പൈലി, സെക്രട്ടറി ഡോ. രശ്മി സി ആർ, കാൻവോക്ക് ജനറൽ കൺവീനർ ഡോ. വേണുഗോപാൽ എം, ഡോ. ദീപ്തി എം എന്നിവർ പ്രസംഗിക്കും.

## അമലയിലെ ഗവേഷണ വിദ്യാർത്ഥിനി ശ്രുതിക്ക് പി.എച്ച്.ഡി.



അമല കാൻസർ റിസേർച്ച് സെൻററിൽ ഡോ.സി. ആർ. അച്ചുതന്റെ കീഴിൽ നടത്തിയ ഗവേഷണപഠനത്തിന് പി. കെ.ശ്രുതിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബയോകെമിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ചു.

തലശ്ശേരി പന്നിയൻ കണ്ടിയിൽവീട്ടിൽ ചന്ദ്രന്റെയും വസന്തയുടെയും മകളാണ്.

## ഖാലിദ് പനങ്ങാവിൽ മലയാളപുരസ്കാരം 1201 ന് അഹർനായി

വടക്കേകാട്: രാഷ്ട്രീയ-സാമൂഹിക-കായിക രംഗത്തെ മികച്ച സേവനങ്ങളെ മുൻനിർത്തി വടക്കേക്കാട് ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡ് മെമ്പർ ഖാലിദ് പനങ്ങാവിൽ മലയാള പുരസ്കാരം 1201ന് അർഹത നേടിയിരിക്കുന്നു. മലയാള പുരസ്കാര സമിതിയുടെ 9-ാമത്തെ മലയാളപുരസ്കാരങ്ങൾ സിബി മലയിൽ, കാർത്തിക, ശ്രീരാമൻ (സമഗ്രസംഭാവന), മോഹൻലാൽ മികച്ച നടൻ (തുടരും), അഭിനയ മികച്ച നടി (പണി), കോട്ടയം നസീർ സഹനടൻ (വാഴ), അശ്വതി ചന്ദ് കിഷോർ മികച്ച സഹനടി (വ്യസനസമേതം ബന്ധുമിത്രാദികൾ), കലാഭവൻ നവാസ് മരണാനന്തര ബഹുമതി, ബാബു എബ്രഹാം ഓർമ്മകുറിപ്പുകൾ -മാതൃഭൂമി ബുക്സ് (കമ്പിളിക്കണ്ടത്തെ കൽഭരണികൾ) എന്നീ പ്രതിഭകളും മലയാളപുരസ്കാരം കരസ്ഥമാക്കിയിരിക്കുന്നു. ഖാലിദിന്റെ മികച്ച പ്രവർത്തനങ്ങളെ കുറിച്ച് മാതൃഭൂമി പത്രത്തിൽ വന്ന ആർട്ടിക്കിളും ഈ പുരസ്കാരത്തിന് പ്രചോദനമായിട്ടുണ്ട്.

## എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരുടെ ജില്ലാതല സംഗമവും ആദരവും സംഘടിപ്പിച്ചു

തൃശൂർ: ഹയർ സെക്കൻഡറി എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരുടെ ജില്ലാതല സംഗമവും ആദരവും ജില്ലാ സബ് കളക്ടർ അഖൽ വി. മേനോൻ ഉദ്ഘാടനം ചെയ്തു. പഠിക്കുമ്പോൾ എൻ.എസ്.എസ് പ്രവർത്തനങ്ങൾ തന്റെ ഐഎഎസ് ജീവിതത്തിന് പ്രചോദനമായി എന്ന് സബ് കളക്ടർ പറഞ്ഞു. അട്ടപ്പാടിയിൽ നടന്ന പ്രകൃതിപഠന ക്യാമ്പിലെ അനുഭവങ്ങൾ പങ്കുവെച്ച അദ്ദേഹം, എൻ.എസ്.എസ് തന്റെ ജീവിതത്തിന് നൽകിയ പാഠങ്ങൾ ജീവിതമാർഗ്ഗം തന്നെ മാറ്റിയതായും വ്യക്തമാക്കി.

തൃശൂർ ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സംഗമത്തിൽ നൂറ്റിഅമ്പതിൽപ്പരം പ്രോഗ്രാം ഓഫീസർമാർ പങ്കെടുത്തു. ചടങ്ങിൽ മൂന്ന് വർഷം പൂർത്തിയാക്കിയവരെ ആദരിച്ചു.

ഹയർ സെക്കൻഡറി ജില്ലാ അക്കാദമിക് കോർഡിനേറ്റർ ടി.എം. ലത അധ്യക്ഷയായി. ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം മധ്യ മേഖല കൺവീനർ ഡോ. എൻ. രാജേഷ് പദ്ധതിവിവരണം നടത്തി.

എൻ.എസ്.എസ് ജില്ലാ കോർഡിനേറ്റർ എം.വി. പ്രതീഷ്, സ്കൂൾ പ്രിൻസിപ്പാൾ സി. ഭാവന റോസ്, ഐ.എം.എ പ്രതിനിധി ഡോ. സജിത്ത്, എൻ.എസ്.എസ് ക്ലസ്റ്റർ കൺവീനർമാരായ ഡോ. എം. ബിജീഷ്, ലിന്റോ വടക്കൻ, ഇ.ആർ. രേഖ എന്നിവർ സംസാരിച്ചു.

## നഴ്സ് നിയമനം: അപേക്ഷ ക്ഷണിച്ചു

തൃശൂർ: ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ നഴ്സ് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ജിഎൻഎം അല്ലെങ്കിൽ ബി എസ് സി നേഴ്സിങ് കൂടാതെ കേരള നഴ്സ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷനും ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രായ പരിധി 40 വയസ്സ് കവിയരുത്. യോഗ്യരായ ഉദ്യോഗാർത്ഥികൾ ഒക്ടോബർ 15 വൈകിട്ട് 5 മണിക്കുള്ളിൽ https://forms.gle/m53RHUg28kZhTmKZA എന്ന ആരോഗ്യ കേരളം വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്കിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04872325824

## കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 1134/2023

ശ്രീനാരായണ സേവാ സമിതി

-വാദികൾ

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് മുടിയക്കര അലികുഞ്ഞ്

- 1-ാം പ്രതി

Promissory note പ്രകാരം പ്രതികളിൽ നിന്നും ലഭിക്കേണ്ടും സംഖ്യകൾക്കായി ബോധിപ്പിച്ച അന്യായത്തിൽ പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ചതനുസരിച്ച് കേസ് **10-10-2025** തീയ്യതി പകൽ 11 മണിക്ക് കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാ ത്തപക്ഷം നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്നും ഇതിനാൽ അറിയിച്ചിരിക്കുന്നു.

എന്ന്, 27-9-2025

വാദിഭാഗം അഡ്വക്കേറ്റ്

**എം എൻ സരസ** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 1275/2024

NTC നിധി ലിമിറ്റഡ്, കണ്ടശ്ശാംകടവ്, തൃശൂർ

-അന്യായം

ജുബൈർ S/o. അബൂബക്കർ, താമരക്കുന്ന് ഹൗസ്, പറളി വില്ലേജ്, തേനൂർ ദേശം, പി ഒ തേനൂർ, പാലക്കാട് ജില്ല-678612

-3-ാം പ്രതി

മേൽ നമ്പറിൽ 3-ാം പ്രതിക്കുള്ള സമൻസ് കോടതിയിലും സ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് **23-10-2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് 3-ാം പ്രതി ബഹു. കോടതിയിൽ ഹാജരില്ലാത്ത പക്ഷം ടിയാനെ എക്സ് പാർട്ടിയാക്കി ഉത്തരവാകുമെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, 7-10-2025

അന്യായഭാഗം അഡ്വക്കെറ്റ്

**ജോഫി ജോർജ്ജ് പി.** (ഒപ്പ്)

